(ഡി) അയ്യങ്കാളി നഗർതൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ടി പദ്ധതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ 18-7-2013-ലെ 1900/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, (എം.ഐ.എസ്.) നടപ്പിലാക്കിയിട്ടുണ്ട്.

എൻ.ആർ.ഐ.കമ്മീഷൻ

27 (*297) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എൻ.ആർ.ഐ. കമ്മീഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷന്റെ ഘടനരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രവാസികൾക്ക് എന്തെല്ലാം സേവനങ്ങളാണ് ഈ കമ്മീഷനിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽ നടന്ന അഗോള പ്രവാസി മലയാളി സംഗമം കേരളത്തിലെ പ്രവാസി മലയാളികളുടെ സ്വത്തുക്കളും മറ്റ് സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായി അർദ്ധ നീതിന്യായ അധികാരങ്ങളോടുകൂടിയ ഒരു പ്രവാസി കേരളീയ കമ്മീഷൻ സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

(ബി&സി) ഈ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

നികുതി ഇളവ്

28 (*298) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ഇളവ് വരുത്തുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly